പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4328 — 17.05.2017 ൽ മറുപടിക്ക്

## കൊല്ലം ജില്ലയിൽ ക്യാൻസർ രോഗം തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എം. മുകേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ ക്യാൻസർ രോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജില്ലയിൽ ക്യാൻസർ രോഗം തടയുന്നതിനായി ആരോഗ്യവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ജില്ലയിൽ ക്യാൻസർ രോഗ നിയന്ത്രണത്തിനായി രണ്ട് കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പുനലൂർ താലൂക്കാശുപത്രിയിലും, കൊല്ലം ജില്ലാ ആശുപത്രിയിലും ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം ക്യാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ജില്ലാ ക്യാൻസർ ഡിറ്റക്ഷൻ യൂണിറ്റ് നീണ്ടകര താലൂക്കാശുപത്രിയിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | കൊല്ലം ജില്ലാ ആശുപത്രിയിൽ അത്യാധുനിക ക്യാൻസർ ചികിത്സാവിഭാഗം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | കൊല്ലം ജില്ലാ ആശുപത്രിയിൽ അത്യാധുനിക സംവിധാനങ്ങളോടു കൂടി ക്യാൻസർ ചികിത്സാ യൂണിറ്റ് സജ്ജീകരിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കീമോതെറാപ്പി യൂണിറ്റ്, ക്യാൻസർ സ്ക്രീനിംഗ് യൂണിറ്റ്, പാലിയേറ്റീവ് കീമോ തെറാപ്പി തുടങ്ങിയ വിവിധ സേവനങ്ങൾ ഈ യൂണിറ്റിലൂടെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ